**പതിന്നാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ**
**ചോദ്യം നമ്പർ. T 1909** **15/07/2016-ൽ മറുപടിയ്ക്ക്.**

## ക്ഷീരോൽപാദക മേഖല

**ചോദ്യം**

ശ്രീ.എൻ.എ.നെല്ലിക്കുന്ന്
ശ്രീ.സി. മമ്മൂട്ടി
ശ്രീ.പി.ഉബൈദുള്ള
ശ്രീ.കെ.എം. ഷാജി

(എ) അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ ക്ഷീരോൽപാദക മേഖലയിലേക്ക് ആകർഷിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ?

**ഉത്തരം**

ശ്രീ.കെ രാജു
(വനവും, മൃഗസംരക്ഷണവും,ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി)

(എ) അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ ക്ഷീരോല്പാദക മേഖലയിലേക്ക് ആകർഷിക്കുന്നതിന് മാത്രമായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടില്ല. എന്നാൽ വകുപ്പ് നടപ്പിലാക്കുന്ന മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലെ ഘടകങ്ങളായ ഡയറി യൂണിറ്റുകൾ, ഡയറി ഫാമിന്റെ ആധുനികവൽക്കരണം, കാലിത്തൊഴുത്ത് നിർമ്മാണം തുടങ്ങിയ പദ്ധതികൾ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ ക്ഷീരോല്പാദക മേഖലയിലേക്ക് ആകർഷിക്കുന്നതിന് സഹായകരമാണ്. പത്ത് പശു യൂണിറ്റിന് 3,50,000/- രൂപയും അഞ്ച് പശു യൂണിറ്റിന് 1,75,000/- രൂപയും പത്ത് കിടാരി യൂണിറ്റിന് 1,81,200/- രൂപയും സബ്സിഡിയിൽ നൽകി വരുന്നു. കൂടാതെ പുതിയ ഫാമുകൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത് മുതൽ പശു വാങ്ങൽവരെ നടത്തി കൊടുക്കുന്ന രീതിയിൽ മലബാർ മേഖലാ യൂണിയന്റെ കീഴിൽ മലബാർ റൂറൽ ഡവലപ്പ്മെന്റ് ഫൗണ്ടേഷൻ (MRDF) എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ആധുനിക ഡയറി ഫാമുകളിലേക്ക് ആവശ്യമായ യന്ത്രോപകരണങ്ങൾ മുതൽ ചിലവ് കുറഞ്ഞ കാലി തൊഴുത്ത് വരെ നിർമ്മിച്ചു കൊടുക്കുന്നതിന് 'MRDF' സഹായിക്കുന്നു. മലബാർ യൂണിയന്റെ പ്രത്യേക സബ്സിഡി

25,000/- രൂപ ഒരോ പുതിയ സംരംഭകനും നിബന്ധകൾക്ക് അനുസരിച്ച് ലഭ്യമാണ്.

മിൽമ ട്രെയിനിംഗ് സെന്ററിലൂടെയും ക്ഷീരമേഖലയിലേക്ക് വരാൻ താൽപര്യമുള്ള പുതു സംരംഭകർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശവും പരിശീലനവും നൽകി വരുന്നുണ്ട്.

(ബി) പ്രസ്തുത മേഖലയിലേക്ക് കൂടുതൽ കർഷകർ കടന്നുവരാൻ മടിക്കുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന് ശാശ്വത പരിഹാരമുണ്ടാക്കി , ചെറുപ്പക്കാരെ ക്ഷീരോൽപാദക മേഖലയിലേക്ക് കൂടുതലായി ആകർഷിക്കാനും തൊഴിൽ ലാഭകരമാക്കാനും നടപടി സ്വീകരിക്കുമോ ?

(ബി) & (സി) ഉണ്ട്. ചെറുപ്പക്കാരെ ക്ഷീരോൽപാദക മേഖലയിലേക്ക് കൂടുതലായി ആകർഷിക്കാനും തൊഴിൽ ലാഭകരമാക്കാനും ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. ഗവൺമെന്റ് നൽകുന്ന സബ്‌സിഡികളും ഗ്രാന്റുകളും ഉപയോഗിച്ച് പദ്ധതി പൂർത്തിയാക്കാൻ പലപ്പോഴും സാധിക്കാതെ വരുന്നതിനാൽ കുറഞ്ഞ പലിശയ്ക്ക് ബാങ്ക് വായ്പ ലഭ്യമാക്കുക മാത്രമാണ് പ്രായോഗികം. ഇക്കാര്യത്തിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ.